(ബി) തൊഴിൽ വകുപ്പുമുഖാന്തിരം പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(സി) കേരളത്തിലെ കടകളിലേയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിട്ടുള്ളതിൽ ബുച്ചർ കം സെയിൽസ്മാൻ (മീറ്റ് & ഫിഷ് സ്റ്റാൾ) വിഭാഗം തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഇതിനുപുറമേ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം, മിനിമം വേതനനിയമം, തൊഴിൽ തർക്കനിയമം തുടങ്ങിയ നിയമങ്ങളുടെ പരിരക്ഷയും ഈ വിഭാഗക്കാർക്ക് ലഭിക്കുന്നതാണ്.

(ഡി) 1991-ലെ കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമ പദ്ധതിയിൽ അംഗങ്ങളായി പദ്ധതി ഉറപ്പുനൽകുന്ന ആനുകൂല്യങ്ങൾക്ക് ഇവർ ഇപ്പോൾതന്നെ അർഹരാണ്. സർക്കാരിന്റെ പരിഗണനയിലുള്ള 2005-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ നിലവിൽ വരുമ്പോൾ ആയതിന്റെ ആനുകൂല്യം ഇവർക്കും ലഭിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുനരുദ്ധരിക്കുന്നതിന് നടപടി

45 [3559] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കൂടുതൽ ജനോപകാരപ്രദമാക്കത്തക്കരീതിയിൽ കരിയർ ഗൈഡൻസ് സെന്ററുകളായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലനിൽക്കുന്ന രജിസ്ട്രേഷൻ സംബന്ധമായ പഴയരീതി മാറ്റി പുതിയ കമ്പ്യൂട്ടർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരിച്ചുവരുന്നു. ഒന്നാം ഘട്ടമായി 2002-2003 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും, തിരുവനന്തപുരത്തെ വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും, നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഉൾപ്പെടെ ഏഴ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റും കമ്പ്യൂട്ടർവൽക്കരിച്ചു. രണ്ടാം ഘട്ടമായി ആറ്റിങ്ങൽ, കഴക്കൂട്ടം, കിളിമാനൂർ, കാട്ടാക്കട, കടയ്ക്കൽ, പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly

എന്നീ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും കമ്പ്യൂട്ടർവൽക്കരിച്ചു. മൂന്നാംഘട്ടമായി കൊല്ലം ജില്ലയിലെ അവശേഷിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഉൾപ്പെടെ 17 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഡേറ്റാബേസ് അടങ്ങുന്ന ഇലക്ട്രോണിക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് http://employment.kerala.nic.in എന്ന വെബ് അഡ്രസ്സിൽ ഉദ്ഘാടനം ചെയ്തു.

(ബി) ഇപ്പോൾ തന്നെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഓരോ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റും, കേരളത്തിലെ 6 യൂണിവേഴ്സിറ്റികളോടനുബന്ധിച്ച് ഓരോ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകളും ഡയറക്ടറേറ്റിൽ ഒരു സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

(സി) എംപ്ലോയ്മെന്റ് വകുപ്പിനുവേണ്ടി എൻ.ഐ.സി. വികസിപ്പിച്ചെടുത്ത 'തൊഴിൽ' സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് പേർക്കരി എന്നിവ കമ്പ്യൂട്ടറിൽ ചെയ്തുവരുന്നു. കൂടാതെ സെലക്ഷൻ ജോലികളും പരീക്ഷണാടിസ്ഥാനത്തിൽ കമ്പ്യൂട്ടറിൽ ചെയ്തുവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ

46 [3560] *ഡോ. തോമസ് ഐസക്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നവരെ സംബന്ധിക്കുന്ന വിവരങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുവാൻ വ്യവസ്ഥകളുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം പേര് രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ നൽകുന്നുവെങ്കിൽ അതിന് ഏതെങ്കിലും തരത്തിലുള്ള ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ നിരക്ക് എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) 2001-2002 മുതൽ ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഇപ്രകാരം രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ നൽകിയെന്നും ഇതിന്റെ ഫീസ് ഇനത്തിൽ എന്തുതുക സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly